**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2072** **12-09-2023 - ൽ മറുപടിയ്ക്ക്**

**പാറശാല മണ്ഡലത്തിൽ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി കെ ഹരീന്ദ്രൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | കായിക താരങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി ആരംഭിച്ച ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും പ്രസ്തുത പദ്ധതിയുടെ ഭാഗമായി പാറശാല മണ്ഡലത്തിൽ ഏതൊക്കെ പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ടെന്നും രണ്ടാം ഘട്ടത്തിൽ ഏതൊക്കെ പ്രവൃത്തികൾ ചെയ്യാൻ ഉദ്ദേശിക്കുന്നുവെന്നും വിശദമാക്കാമോ; | (എ) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിക്കായി ജനപ്രതിനിധികളുടെ ശിപാർശ പ്രകാരം തയ്യാറാക്കിയ കളിസ്ഥലങ്ങളുടെ പ്രാഥമിക ലിസ്റ്റിന് ജി.ഒ.(ആർ.റ്റി) നം. 239/2022/കാ.യു.വ. തീയതി 30.09.2022 പ്രകാരം അംഗീകാരം നൽകിയിരുന്നു. എന്നാൽ 31.01.2023-ലെ സ.ഉ.(സാധാ) നം. 42/2023/കാ.യു.വ. പ്രകാരം ടി ലിസ്റ്റ് ഭേദഗതി വരുത്തി സർക്കാർ ഉത്തരവായിട്ടുണ്ട്. ഓരോ കളിക്കളത്തിനും 1.00 കോടി രൂപ അടങ്കൽ പ്രതീക്ഷിക്കുന്ന ടി പദ്ധതിയിൽ 50% (പരമാവധി 50 ലക്ഷം രൂപ) കായിക വകുപ്പിന്റെ പദ്ധതി വിഹിതമായും ബാക്കി വരുന്ന 50% തുക ജനപ്രതിനിധികളുടെ ആസ്തി വികസന ഫണ്ട്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ സ്ഥാപനങ്ങളുടെ സാമൂഹ്യ പ്രതിബദ്ധതാ ഫണ്ട് എന്നിവയിൽ നിന്നും കണ്ടെത്തുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.<br><br>നിലവിൽ ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിക്കായി പ്ലാൻ ഫണ്ടിലും, എം.എൽ.എ. ആസ്തി വികസന ഫണ്ടിലും പ്രത്യേകം പ്രത്യേകം എസ്റ്റിമേറ്റുകൾ തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിക്കുകയാണ് ചെയ്ത് വരുന്നത്. കൂടാതെ പ്ലാൻ/ എം.എൽ.എ. ഫണ്ടിൽ ഉൾപ്പെടുന്ന പ്രവൃത്തികൾക്ക് പ്രത്യേകം പ്രത്യേകം ടെണ്ടറുകൾ ക്ഷണിച്ചാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. ഇപ്രകാരം രണ്ട് കരാറുകാർ മുഖേന പദ്ധതി നടപ്പിലാക്കുക വഴി സമയബന്ധിതമായ പൂർത്തീകരണം നടക്കാതെ വരുന്നതിനും മറ്റ് സാങ്കേതികമായ ബുദ്ധിമുട്ടുകൾ ഉണ്ടാകുവാനും സാധ്യതയുള്ളതിനാൽ ടി പദ്ധതിക്ക് വേണ്ടിയുള്ള ഫണ്ടുകൾ ഒരുമിച്ച് ചേർത്ത് ഒരു ഭരണാനുമതി നൽകി ഒരു പ്രവൃത്തിയായി ദർഘാസ് |

| | | | |
|---|---|---|---|
| | | | ക്ഷണിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതുൾപ്പെടെ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയുടെ SOP (Standard Operating Procedure) തയ്യാറാക്കി അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സർക്കാർ ഉത്തരവ് (സാധാ) നം. 5904/2023/ധന. 09.08.2023 തീയ്യതി പ്രകാരം ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയുമായി ബന്ധപ്പെട്ട് ലഭിക്കുന്ന, വിവിധയിടങ്ങളിൽ നിന്നുള്ള തുകകൾ നിക്ഷേപിക്കുന്നതിനു മാത്രമായി കായിക യുവജനകാര്യ ഡയറക്ടറുടെ പേരിൽ ഒരു പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്.<br><br>സർക്കാർ അംഗീകരിച്ച ആദ്യഘട്ട ലിസ്റ്റിൽ ക്രമ നം. 4 ആയി ഉൾപ്പെട്ടിട്ടുള്ള പാറശ്ശാല നിയോജക മണ്ഡലത്തിലെ കള്ളിക്കാട് ഗ്രാമപഞ്ചായത്ത് സ്റ്റേഡിയത്തിന്റെ നവീകരണ പ്രവൃത്തിയ്ക്ക് കരാറിൽ ഏർപ്പെട്ട് പ്രവൃത്തി പുരോഗമിച്ചുവരികയാണ്. പാറശാല മണ്ഡലത്തിലെ മറ്റ് പദ്ധതികളൊന്നും നിലവിൽ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ല. |
| (ബി) | പാറശാല മണ്ഡലത്തിൽ 2017 മുതൽ 2023 വരെയുള്ള വർഷങ്ങളിൽ പ്രഖ്യാപിച്ചതും കായിക വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗം മുഖേന നടപ്പിലാക്കുന്നതുമായ പദ്ധതികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ? | (ബി) | പാറശാല നിയോജകമണ്ഡലത്തിൽ ആനാവൂർ സർക്കാർ ഹയർ സെക്കന്ററി സ്കൂൾ സ്റ്റേഡിയം നവീകരണ പ്രവൃത്തിയാണ് കായിക വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗം മുഖേന നടപ്പിലാക്കിയ പദ്ധതി. ടി പ്രവൃത്തി 14.03.2023-ന് പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ